**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4442** **06-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. നിരക്ക് വർദ്ധന ആവശ്യപ്പെട്ട് വൈദ്യുതി റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2023-24 മുതൽ 2026-27 വരെയുള്ള നാല് സാമ്പത്തിക വർഷ കാലയളവിലേക്ക് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08.02.2023-ൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നാല് വർഷം തുടർച്ചയായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് കെ.എസ്.ഇ.ബി. വൈദ്യുതി റഗുലേറ്ററി കമ്മീഷന് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡ് നാല് സാമ്പത്തിക വർഷ കാലയളവിലേക്ക് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ **അനുബന്ധം -I** ആയി ചേർത്തിട്ടുണ്ട്.<br><br>റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017, 2019, 2022 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012 ൽ 24%, 2013 ൽ 9.1%, 2014 ൽ 6.7%, 2017 ൽ 4.77% 2019-ൽ 7.32%, 2022-ൽ 6.59% എന്നിങ്ങനെയാ-യിരുന്നു വർദ്ധനവ്. ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2020-2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാലകമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ |

സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെയും നിലനിൽപ്പിനെയും തന്നെ ദോഷകരമായി ബാധിക്കും. 2016–ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

താരിഫ് റെഗുലേഷൻ 2021 പ്രകാരം, കെ.എസ്.ഇ.ബി.-ലിമിറ്റഡ് അഞ്ച് വർഷത്തേക്കുള്ള (2022 മുതൽ 2027 വരെ) പ്രതീക്ഷിത വരവുചെലവ് കണക്കുകൾ 31.01.2022- ലും, വരവും ചെലവും തമ്മിലുള്ള അന്തരം (റവന്യൂ കമ്മി) നികത്തുന്നതിനുള്ള താരിഫ് പെറ്റീഷൻ 10.02.2022-ലും സമർപ്പിച്ചിരുന്നു. റെഗുലേറ്ററി കമ്മീഷൻ, അഞ്ചുവർഷത്തേക്കുള്ള റവന്യൂ കമ്മി നിജപ്പെടുത്തിയെങ്കിലും, ഒരു വർഷത്തേക്ക് മാത്രമേ താരിഫ് പരിഷ്കരണം 25.06.2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ചു തന്നിരുന്നുള്ളു. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് **അനുബന്ധം-II -ൽ ചേർത്തിട്ടുണ്ട്**.

25.06.2022 – ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ ഉത്തരവിലൂടെ കെ.എസ്. ഇ. ബി.ലിമിറ്റഡിന്റെ 2022 - 23 ലെ റവന്യൂ ഗ്യാപ്പ് 1927.20 കോടി രൂപയായി നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. ജനങ്ങളുടെ മേലുള്ള അമിതഭാരം ഒഴിവാക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുമെങ്കിൽ കൂടി ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചത്.

പ്രതിവർഷം 1010.94 കോടി രൂപഅധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർദ്ധനയുള്ള താരിഫ് പരിഷ്കരണം ആണ് അനുവദിച്ചിട്ടുള്ളത്. 26.06.2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത് നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31.03.2023-ൽ അവസാനിക്കും.

01.04.2023 മുതലുള്ള താരിഫ്, കെ. എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷൻ പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതാണെന്ന് റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മീഷൻ അംഗീകരിച്ച റവന്യൂ

| | | | |
|---|---|---|---|
| | | | ഗ്യാപ്പ് താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കിയില്ലെങ്കിൽ ചെലവിനങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരും.<br><br>കൂടാതെ താരിഫ് ഉത്തരവിലൂടെ അനുവദിച്ച തന്നതും, എന്നാൽ അതതു വർഷങ്ങളിൽ നികത്തപ്പെടാത്തതും, തുടർന്ന് 2022-27 കാലയളവിൽ റവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3350 കോടി രൂപ താരിഫിലൂടെ നികത്തപ്പെടേണ്ടതായിട്ടുണ്ട്. പണപ്പെരുപ്പം മൂലം വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധനനിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ, വൈദ്യുതി വാങ്ങൽ ചിലവുകൾ തുടങ്ങിയവ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റവന്യൂ ഗ്യാപ്പ് വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ്, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2023-27 കാലയളവിലേക്ക് താരിഫ് പരിഷ്കരിക്കുന്നതിനായി പെറ്റീഷൻ സമർപ്പിച്ചത്.<br><br>സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ്. |
| (സി) | കെ.എസ്.ഇ.ബി. ലാഭത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത മറച്ച് വച്ചുകൊണ്ടാണ് നിരക്കുവർദ്ധന ആവശ്യപ്പെട്ട് വൈദ്യുതി റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയത് എന്ന ആക്ഷേപം വസ്തുതയാണോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ഇ.ബി.ലിമിറ്റഡി-ന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടെങ്കിൽ തന്നെ 01.04.2022-ലെ സഞ്ചിത നഷ്ടം 5304.37 കോടി രൂപയാണ്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി രൂപീകരിച്ച Pension Master Trust മൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31.03.2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്.<br><br>താരിഫ് നിർണ്ണയിക്കുന്നത് പ്രതീക്ഷിത റവന്യൂ കമ്മിയുടെ അടിസ്ഥാനത്തിലായതിനാലും കെ.എസ്. ഇ.ബി. ലിമിറ്റഡ് സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാലും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പ്രവർത്തന ലാഭം മറച്ചു വച്ചാണ് നിരക്കു വർദ്ധനവ് ആവശ്യപ്പെട്ടതെന്ന ആക്ഷേപത്തിന് അടിസ്ഥാനമില്ല. |

| | | | |
|---|---|---|---|
| | | | വൈദ്യുതിയുടെ ശരാശരി വില റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത്, കെ.എസ്. ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം, 2016 കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധനയിലൂടെ വരവു ചെലവു കണക്കുകൾ നിർണ്ണയിച്ച ശേഷമാണ് റവന്യൂകമ്മി തീരുമാനിക്കുന്നത്.<br><br>ലൈസൻസിയുടെ ചിലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം, തേയ്മാന ചിലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി കണക്കിലെടുക്കും.<br><br>ലൈസൻസിയുടെ വരവ് എന്നത് വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണ്. വരവ് ചെലവിനങ്ങൾ തമ്മിലുള്ള അന്തരമാണ് റവന്യൂ കമ്മിയായി കണക്കാക്കുന്നത്. ടി കമ്മി അടുത്ത വർഷങ്ങളിലെ താരിഫിൽ വർദ്ധനവ് വരുത്തി നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -I

**കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച പെറ്റീഷനിലെ വൈദ്യുതി നിരക്ക് വർദ്ധനവിന്റെ വിശദാംശങ്ങൾ**

| വർഷം | അധിക വരുമാനം (കോടി രൂപ ) | വർദ്ധനവ് (%) | വർദ്ധനവ് / യൂണിറ്റ് (പൈസ) |
|---|---|---|---|
| 2023-24 (Proposal) | 1044.43 | 6.19 | 41 |
| 2024-25 (Proposal) | 834.17 | 4.50 | 31 |
| 2025-26 (Proposal) | 472.64 | 2.36 | 17 |
| 2026-27 (Proposal) | 29.80 | 0.14 | 1 |

സെക്ഷൻ ഓഫീസർ

## അനുബന്ധം -II

### റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ്

| വർഷം | റവന്യൂ ഗ്യാപ്പ് (കോടിയിൽ) |
|---|---|
| 2022-23 | 1927.20 |
| 2023-24 | 2939.09 |
| 2024-25 | 3020.30 |
| 2025-26 | 2837.26 |
| 2026-27 | 2882.09 |

സെക്ഷൻ ഓഫീസർ